അന്യ സംസ്ഥാനങ്ങളിൽനിന്ന് വരുന്ന ഭക്ഷണ സാധനങ്ങളിലെ മായം ചേർക്കൽ

169 [2662] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നുവരുന്ന പച്ചക്കറി, പഴവർഗ്ഗങ്ങൾ, മറ്റു ഭക്ഷണപദാർത്ഥങ്ങൾ എന്നിവയിൽ മായം ചേർക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ഭക്ഷണ സാധനങ്ങൾ ചെക്ക്പോസ്റ്റുകളിൽവച്ച് തന്നെ പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മുളകുപൊടിയിൽ സുഡാൻ എന്ന കൃത്രിമനിറം ചേർത്തുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അന്യസംസ്ഥാനത്തുവച്ച് തന്നെ മുളകിൽ കൃത്രിമനിറം ചേർത്തു വരുന്ന കുറ്റത്തിന് നമ്മുടെ സംസ്ഥാനത്തെ മുളകുപൊടി നിർമ്മാതാക്കളെ കേസ്സിൽ പ്രതിയാക്കുന്ന നടപടി ഒഴിവാക്കുമോ;

(ഇ) പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ നിയമപ്രകാരം ജില്ലാ ഫുഡ് ഇൻസ്പെക്ടർമാർക്ക് കച്ചവടസ്ഥാപനങ്ങൾ പരിശോധിക്കുവാൻ അധികാരമുണ്ടോ;

(എഫ്) ഇപ്പോൾ ജില്ലാ ഫുഡ് ഇൻസ്പെക്ടർമാർ കച്ചവട സ്ഥാപനങ്ങൾ പരിശോധിക്കാറുണ്ടോ;

(ജി) അനധികൃത കട പരിശോധനയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്നതുകൂടാതെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതുമായ പഴം, പച്ചക്കറി, മറ്റു ഭക്ഷണ പദാർത്ഥങ്ങൾ എന്നിവയുടെ 16066 സാമ്പിളുകൾ കഴിഞ്ഞ സാമ്പത്തിക വർഷം പരിശോധന നടത്തുകയുണ്ടായി. ഇവയിൽ 394 എണ്ണം മായം കലർന്നതായി തെളിഞ്ഞിട്ടുണ്ട്. പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ 34 സാമ്പിളുകൾ പരിശോധിച്ചതിൽ 6 എണ്ണം മായം കലർന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) മറ്റു സംസ്ഥാനങ്ങളിൽനിന്ന് വരുന്ന ഭക്ഷണ സാധനങ്ങളുടെ സാമ്പിളുകൾ ചെക്ക് പോസ്റ്റുകളിൽവച്ച് തന്നെ പരിശോധനക്കായി ശേഖരിക്കാവുന്നതാണ്. എന്നാൽ മായം ചേർക്കൽ നിരോധനനിയമപ്രകാരം അംഗീകൃത ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറികളിൽ മാത്രമേ ടി സാമ്പിളുകളുടെ പരിശോധന നടത്താൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മായം ചേർത്ത ഭക്ഷണസാധനങ്ങൾ ഉപഭോക്താക്കൾക്ക് വിൽപ്പന നടത്തുന്നവർക്കെതിരെയാണ് മായം ചേർക്കൽ നിയമവും ചട്ടവും അനുശാസിക്കും പ്രകാരം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നത്.

(ഇ) പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ നിയമപ്രകാരം ജില്ല ഫുഡ് ഇൻസ്പെക്ടർമാരെ ലോക്കൽ ഹെൽത്ത് അതോറിറ്റിയായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. കച്ചവടസ്ഥാപനങ്ങളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കയയ്ക്കാനുള്ള അധികാരം ഫുഡ് ഇൻസ്പെക്ടർമാരിൽമാത്രം നിക്ഷിപ്തമാണെങ്കിലും ടി ഫുഡ് ഇൻസ്പെക്ടർമാരെ സൂപ്പർവൈസ് ചെയ്യേണ്ട ഉത്തരവാദിത്വം ലോക്കൽ ഹെൽത്ത് അതോറിറ്റിയായ ജില്ല ഫുഡ് ഇൻസ്പെക്ടർമാർക്കാണ്.

(എഫ്) അത്യാവശ്യ സന്ദർഭങ്ങളിൽ ജില്ലാ ഫുഡ് ഇൻസ്പെക്ടർമാർ കച്ചവട സ്ഥാപനങ്ങൾ പരിശോധിക്കാറുണ്ട്.

(ജി) നിയമപ്രകാരം പി.എഫ്.എ. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന കടകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഇപ്രകാരമുള്ള 27 കേസ്സുകൾ വിവിധ കോടതികളിലായി ഫയൽ ചെയ്തിട്ടുണ്ട്.

ആശുപത്രികളിലെ മാലിന്യങ്ങൾ

170 [2663] ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
„ ടി. വി. ചന്ദ്രമോഹൻ:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്പെഷ്യലൈസ്ഡ് ആശുപത്രികൾ എന്നിവയിലെ ഖരമാലിന്യങ്ങളും ദ്രവമാലിന്യങ്ങളും ഏതുവിധത്തിലാണ് നശിപ്പിച്ചു കളയുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ട്രീറ്റ് ചെയ്യുന്നതിന് എവിടെയെല്ലാം സൗകര്യമുണ്ട്;

(സി) ഇവ ട്രീറ്റ് ചെയ്യാതെ പുറത്തേക്കുവിടുന്നതിന്റെ ഭാഗമായി എന്തെല്ലാം പരിസ്ഥിതി പ്രശ്നങ്ങളാണ് ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രികളിൽനിന്നും ദ്രവമാലിന്യങ്ങൾ ഒഴുക്കി വിടുന്നതുകൊണ്ട് ഭൂഗർഭജലവും കിണറുകളിലെ വെള്ളവും മലിനപ്പെടുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly